# അനുബന്ധം

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളും നേട്ടങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രത്യേക പുസ്തകം അച്ചടിക്കുന്നതിന് താത്പര്യമുള്ള തലസ്ഥാനത്തെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചു കൊണ്ട് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റ് (www.prd.kerala.gov.in) സന്ദർശിക്കുക.ഫോൺ- 0471 251 7036

"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
നമ്പർ.സി3/54/2023/ഐ&പിആർ തിരുവനന്തപുരം, തിയതി: 11-05-2023

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളും നേട്ടങ്ങളും ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ 500 കോപ്പി താഴെപ്പറയുന്ന സ്പെസിഫിക്കേഷനിൽ അച്ചടിച്ച് വകുപ്പ് നിഷ്കർഷിക്കുന്നയിടത്ത് എത്തി ക്കുന്നതിന് താത്പര്യമുള്ള തലസ്ഥാനത്തെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

സ്പെസിഫിക്കേഷൻ

സൈസ് : 19 X 26 cm

പേജ് : 74 + 4 കവർ (മൾട്ടി കളർ , കവർ 300 ജി.എസ്.എം ആർട്ട് പേപ്പർ മാറ്റ് ലാമിനേഷൻ)

ഇന്നർ: 100 ജി.എസ്.എം ആർട്ട് പേപ്പർ, പെർഫെക്ട് ബൈൻഡിംഗ്

പൊതുനിബന്ധനകൾ

1. സ്വന്തമായി പ്രസ്സും തിരുവനന്തപുരത്ത് ഓഫീസും ഉള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
2. എസ്റിമേറ്റ് തുകയുടെ 5 ഇരട്ടി ടേൺ ഓവർ ഉള്ള സ്ഥാപനമായിരിക്കണം.സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയമെങ്കിലും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
3. അച്ചടിക്കായി മാറ്റർ നല്കി കഴിഞ്ഞാൽ പരമാവധി 5 ദിവസത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്നതിനനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.
4. അച്ചടിക്കൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റ് ഫീസോ നിരക്കോ ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
5. വകുപ്പിൽ നിന്ന് മുമ്പ് അച്ചടി കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
6. അച്ചടിക്കടലാസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
7. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവ്വഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക. ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്രസംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ

സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

8. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കുന്ന അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

9. ക്വട്ടേഷനുകൾ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗ്രൗണ്ട് ഫ്ളോർ, സൗത്ത് ബ്ലോക്ക്, ഗവൺമെന്റ്സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി : 12.05.2023.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 17.05.2023 1pm.

ക്വട്ടേഷൻ തുറക്കുന്ന തീയതി : 17.05.2023 2pm.

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ